# സുറിയാനി (യാക്കോബായ) സഭയിലെ മൂന്നു വൈദികർക്ക് വിലക്ക്

തുടർച്ചയായുള്ള സഭാവിരുദ്ധ പ്രവർത്തനങ്ങളെ തുടർന്ന് ഹ്യൂസ്റ്റൺ സെൻറ് പീറ്റേഴ്സ് പള്ളി വികാരി തോമസ് ഇട്ടി കോറെപ്പിസ്കോപ്പായേയും സഹവികാരി ഷിനോജ് ജോസഫിനേയും കാനഡായിലെ കാൽഗറി സെൻറ് തോമസ് പള്ളി വികാരി മൂക്കനോട്ടിൽ പ്രിൻസിനേയും സുറിയാനി ഓർത്ത്ഡോക്സ് (യാക്കോബായ) സഭയുടെ നോർത്ത് അമേരിയ്ക്കൻ മലങ്കര അതിഭദ്രാസനത്തിൻെറ പരിധിയിൽ പൗരോഹിത്യത്തിനടുത്ത ശുശ്രൂഷകൾ നിർവഹിയ്ക്കുന്നതിൽ നിന്നും വിലക്കേർപ്പെടുത്തി. ഇതു സംബന്ധിച്ച് ആർച്ച്ബിഷപ്പ് യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്തായുടെ കൽപ്പന കഴിഞ്ഞ് ഞായറാഴ്ച്ച പള്ളികളിൽ വായിച്ചു.

ഇടവക മെത്രാപ്പോലീത്തായ്ക്ക് വിധേയപ്പെട്ട് ഭദ്രാസനവുമായി സഹകരിച്ച് മുന്നോട്ട് പോകണമെന്നുള്ള കാലം ചെയ്ത പുണ്യശ്ലോകനായ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ അപ്പോസ്തോലിക കൽപ്പനയും, അമേരിയ്ക്കൻ അതിഭദ്രാസനം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള താകയാൽ 'സിംഹാസനപ്പള്ളി' എന്ന പ്രത്യേക വിശേഷണം ഒരു പള്ളികൾക്കും നൽകാനാവില്ലെന്നുള്ള ഇപ്പോഴത്തെ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ അപ്പോസ്തോലിക കൽപ്പനയും, ഇവർ അവഗണിച്ച് സഭാവിരുദ്ധ പ്രവർത്തനങ്ങളുമായി തുടർന്നു വരികയായിരുന്നു.

2004–ൽ ഭദ്രാസനത്തിൻെറ ഭാഗമായി അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനി അനുവദിച്ച് ആരംഭിയ്ക്കുകയും 2009–ൽ വിശുദ്ധ മൂറോൻ കൂദാശ ചെയ്ത ഹ്യൂസ്റ്റൺ സെൻറ് പീറ്റേഴ്സ് സുറിയാനി ഓർത്തഡോക്സ് പള്ളി, പിന്നീട് സഭാപാരമ്പര്യങ്ങളിൽ നിന്നും വ്യതിചലിയ്ക്കുകയും മെത്രാപ്പോലീത്തായുടെ അനുവാദം കൂടാതെ ഈ ആടുത്ത കാലത്ത് പേര് മാറ്റി "സെൻറ് പീറ്റേഴ്സ് ആൻഡ് സെൻറ് പോൾസ് ചർച്ച് ഓഫ് ഹ്യൂസ്റ്റൺ" എന്നാക്കുകയും, ഭദ്രാസനവുമായുള്ള ബന്ധം വിഛേദിച്ചതായി അറ്റോണി മുഖേന അറിയിയ്ക്കുകയും ചെയ്തിരുന്നു.

ആയതിനാൽ മേൽപ്പറഞ്ഞ വൈദികരുമായൊ, പ്രസ്തുത ദൈവാലയത്തിലെ വിശ്വാസികൾ സത്യം മനസിലാക്കി തിരിച്ചു വരുന്നതു വരെ ആ പള്ളിയുമായൊ യാതോരുവിധ സഹകരണവും പാടില്ല എന്ന് മെത്രാപ്പോലീത്ത കൽപ്പനയിലൂടെ വിശ്വാസികളെ അറിയിച്ച വിവരം ഭദ്രാസന ഓഫീസിൽ നിന്നും വ്യക്തമാക്കിയതായി അമേരിയ്ക്കൻ അതിഭദ്രാസന പി. ആർ. ഒ കറുത്തേടത്ത് ജോർജ് അറിയിച്ചു.